? റുക്യയയുടെ രീതി – ഒരു വിശകലനം

**نفث-ഉം تفل-ഉം ഉപയോഗിച്ചുള്ള റുക്യ**

نفث എന്ന് പറഞ്ഞാൽ:

النفْثُ: أَقل من التفْل، لأَن التفل لا يكون إلا معه شيء من الريق؛ والنفثُ: شبيه بالنفخ؛ وقيل: هو التفل بعينه.

“തഫ്‌ലിനേക്കാൾ നേരിയതാണ് നഫ്ഥ്. കാരണം നേരിയ ഉമിനീരോടുകൂടിയല്ലാതെ തഫ്‌ല് ഉണ്ടാവുകയില്ല. തഫ്‌ല് തന്നെയാണ് നഫ്‌ല് എന്നും പറയപ്പെട്ടിട്ടുണ്ട്”.[1]

نفخ يسير مع ريق يسير وهو أقل من التفل وقيل إنه بلا ريق

“നേരിയ ഉമിനീരോട് കൂടി ഊതുന്നതാണ് നഫ്ഥ്. അത് തഫ്‌ലിനേക്കാൾ (നേരിയ ഉമിനീർ കലർത്തി ഊതൽ) കുറഞ്ഞ രീതിയിൽ ഊതലാണ്. <u>ഉമിനീർ ഒട്ടും ഇല്ലാതെ ഊതുന്നതിനാണ് നഫ്ഥ് എന്ന് പറയുകയെന്നും പറയപ്പെട്ടിട്ടുണ്ട്</u>.”[2]

تفل എന്ന് പറഞ്ഞാൽ:

والتفْل بالفم لا يكون إلا ومعه شيء من الريق، فإذا كان نفخاً بلا ريق فهو النفْث

“വായകൊണ്ടുള്ള തഫ്‌ല്, <u>അൽപം ഉമിനീരോടുകൂടിയല്ലാതെ ഉണ്ടാകില്ല</u>. ഉമിനീരില്ലാത്ത നഫ്ഖ് (ഊത്ത്) ആയാൽ അതാണ് നഫ്ഥ്.”[3]

شبيه بالبزاق وهو أقل منه

“<u>അതിന് (തഫ്‌ലിന്) തുപ്പുലിനോടാണ് സാദൃശ്യം</u>; അത് തുപ്പുന്നതിനേക്കാൾ നേർത്ത രീതിയിലാണ്.”[4]

---

[1] ലിസാനുൽ അറബ്

[2] (النهاية في غريب الحديث) എന്ന ഇബ്നുൽ അഥീറിന്റെ ഗ്രന്ഥത്തിന്റെ 5-ാം വാള്യം 88-ാം പേജിലെ نفث എന്ന പദം ചർച്ച ചെയ്ത ഭാഗം കാണുക, അതുപോലെ ‘ഖാമൂസ് അൽ മുഹീത്വ’ന്റെ 227-ാം പേജ് കാണുക, അതുപോലെ ഇബ്നു ഫാരിസിന്റെ مجمل اللغة എന്ന ഗ്രന്ഥത്തിന്റെ 3-ാം വാള്യം 878-ാം പേജ് കാണുക.

[3] ലിസാനുൽ അറബ്

[4] (النهاية في غريب الحديث) എന്ന ഇബ്നുൽ അഥീറിന്റെ ഗ്രന്ഥത്തിന്റെ 1-ാം വാള്യം 192-ാം പേജിലെ تفل എന്ന പദം ചർച്ച ചെയ്ത ഭാഗം കാണുക, അതുപോലെ ‘ഖാമൂസ് അൽ മുഹീത്വ’ന്റെ 1254-ാം പേജ് കാണുക, അതുപോലെ ജൗഹരിയുടെ الصحاح എന്ന ഗ്രന്ഥത്തിന്റെ 4-ാം വാള്യം 1644-ാം പേജ് കാണുക.

**ഇതിനുള്ള തെളിവ്**

ആഇശാ(ﷺ)യിൽ നിന്ന്, അവർ പറഞ്ഞു:

كَانَ رَسُولُ الله -صلى الله عليه وسلم- إِذَا مَرِضَ أَحَد من أَهله نَفَثَ عَلَيه بِالْمُعَوذَات فَلَما مَرِضَ مرضه الذى مَاتَ فيه جَعَلْتُ أَنفُثُ عَلَيه وَأَمسَحُهُ بِيَد نَفْسِه لأَنهَا كَانَت أعظم بَرَكَة من يَدى.

“തന്റെ കുടുംബത്തിൽ ഒരാൾ രോഗിയായാൽ അല്ലാഹുവിന്റെ റസൂൽ(ﷺ) മുഅവ്വിദാത്തുകൾ പാരായണം ചെയ്ത് അവരെ ഊതാറുണ്ടായിരുന്നു. മരണം വരിച്ച രോഗം തിരുമേനിക്ക് പിടിപെട്ടപ്പോൾ ഞാൻ തിരുമേനി(ﷺ)യെ ഊതുവാനും അവിടുത്തെ കൈകൊണ്ട് തടവുവാനും തുടങ്ങി. കാരണം തിരുമേനിയുടെ കൈ എന്റെ കൈയ്യിനേക്കാൾ ബർകത്ത് ഉള്ളവയായിരുന്നു.”[5]

തേൾ കടിച്ച സംഭവവുമായി ബന്ധപ്പെട്ട് അബൂ സഈദുൽ ഖുദ്‌രി(ﷺ)യിൽ നിന്നും ഉദ്ധരിക്കപ്പെട്ട ഹദീഥിൽ കാണാം:

فجعل يتفل ويقرأ الحمد لله رب العالمين

“അങ്ങിനെ അദ്ദേഹം ഉമിനീർ കലർത്തി ഊതുവാനും സൂറത്തുൽ ഫാത്വിഹ ഓതുവാനും തുടങ്ങി.” [6]

മുസ്‌ലിമിന്റെ നിവേദനത്തിൽ ഇപ്രകാരമാണുള്ളത്:

فجعل يقرأ أم القرآن ويجمع بزاقه ويتفل فبرأ الرجل

“അദ്ദേഹം സൂറത്തുൽ ഫാത്വിഹ ഓതുവാനും തന്റെ ഉമിനീർ ശേഖരിച്ച് അതിന്റെ നനവിൽ ഊതുവാനും തുടങ്ങി. അങ്ങിനെ ആ വ്യക്തിക്ക് രോഗം സുഖപ്പെട്ടു.”[7]

**نفث എപ്പോഴാണ് നിർവ്വഹിക്കേണ്ടത്**

ഇത് രണ്ട് രീതിയിലുമാകാം. അതായത് ആദ്യം ക്വിറാഅത്തും പിന്നീട് നഫ്ഥും അല്ലെങ്കിൽ ആദ്യം നഫ്ഥും പിന്നീട് ക്വിറാഅത്തും. രണ്ടിനും തെളിവുണ്ട്.

ആഇശാ(ﷺ)യിൽ നിന്ന് നിവേദനം:

أَن النبِي صلى الله عليه وسلم كَانَ إِذَا أَوى إِلَى فِرَاشه كُل لَيلَةٍ جَمَعَ كَفيه ثُم نَفَثَ فيهمَا فَقَرَأَ

“നബി(ﷺ) എല്ലാ രാത്രിയിലും തന്റെ വിരിപ്പിലേക്ക് അണഞ്ഞാൽ തന്റെ മുൻകൈകൾ ചേർത്ത് പിടിക്കുകയും ശേഷം അവയിൽ ഊതുകയും ക്വുർആൻ ഓതുകയും ചെയ്യും.”[8]

---

5 സ്വഹീഹുൽ ബുഖാരി, സ്വഹീഹ് മുസ്‌ലിം. صحيح البخاري مع فتح الباري –كتاب فضائل القرآن- باب فضل المعوذات (62/9) رقم (5016) صحيح مسلم -كتاب السلام – باب الرقية المريض بالمعواذات والنفث (1733/4) رقم (2192)

6 ബുഖാരി. صحيح البخاري مع فتح الباري –كتاب الطب- باب النفث في الرقية (209/10) رقم (5749)

7 മുസ്‌ലിം. صحيح مسلم –كتاب السلام- باب جواز أخذ الأجرة على الرقية بالقرآن والأذكار (1727/4) رقم (2201)

ഖാരിജബ്നു സ്വൽത് തന്റെ പിതൃവ്യനിൽ[9] നിന്നും നിവേദനം, അദ്ദേഹം പറഞ്ഞു:

أقبلنا من عند النبي صلى الله عليه وسلم فأتينا على حي من العرب فقالوا : أنبئنا أنكم جئتم من عند هذا الرجل بخير فهل عندكم دواء, أو رقية, فإن عندنا معتوها في القيود, قال: فقلنا نعم. قال فجاءوا بالمعتوه فى القيود  قال: فقرأت عليه بفاتحة الكتاب ثلاثة ايام غدوة وعشية أجمع بزاقي ثم اتفل قال: فكأنما نشط من عقل, قال : فأعطوني جعلا فقلت: لا حتى اسأل النبي صلى الله عليه وسلم فسألته فقال: كل: فلعمري من أكل برقية باطل لقد اكلت برقية حق.

"നബി(ﷺ)യിൽ നിന്നും ഞങ്ങൾ അറബികളിൽപെട്ട ഒരു ഗോത്രത്തിനടുത്തെത്തി. അപ്പോൾ അവർ ചോദിച്ചു: നന്മയുമായി വന്ന മനുഷ്യന്റെ (മുഹമ്മദി(ﷺ)ന്റെ) അടുത്ത് നിന്നാണല്ലോ നിങ്ങൾ വരുന്നത്, നിങ്ങളുടെയടുത്ത് വല്ല മരുന്നോ, മന്ത്രമോ ഉണ്ടോ? കാരണം ഞങ്ങളുടെ അടുത്ത് ചങ്ങലയിൽ ബന്ധിക്കപ്പെട്ട ഒരു ഭ്രാന്തനുണ്ട്. ഞങ്ങൾ പറഞ്ഞു: അതെ, (ഞങ്ങളുടെ അടുത്ത് മന്ത്രം ഉണ്ട്) അദ്ദേഹം പറയുന്നു: അപ്പോൾ അവർ ചങ്ങലയിൽ ബന്ധിക്കപ്പെട്ട ഭ്രാന്തനെ കൊണ്ടു വരികയുണ്ടായി, അദ്ദേഹം പറഞ്ഞു: ഞാൻ മൂന്ന് ദിവസം രാവിലെയും വൈകുന്നേരവും സൂറത്തുൽ ഫാതിഹ അദ്ദേഹത്തിന് മേൽ പാരായണം ചെയ്യുകയുണ്ടായി, എന്റെ ഉമിനീർ ശേഖരിച്ച് അതിന്റെ നനവിൽ ഊതുകയും ചെയ്തു. അദ്ദേഹം പറയുന്നു: ആ ഭ്രാന്തൻ ബന്ധനത്തിൽ നിന്നും മോചനം നേടിയത് പോലെ അസുഖത്തിൽ നിന്നും ഉന്മേശവാനായി. ഖാരിജയുടെ പിതൃവ്യൻ പറഞ്ഞു: അവർ എനിക്ക് പ്രതിഫലം നൽകുകയുണ്ടായി അപ്പോൾ ഞാൻ പറഞ്ഞു: ഇല്ല, ഞാൻ നബി(ﷺ)യോട് ചോദിക്കുന്നതുവരെ സ്വീകരിക്കില്ല, അങ്ങിനെ ഞാൻ തിരുമേനിയോട് ചോദിക്കുകയുണ്ടായി. അപ്പോൾ പറഞ്ഞു: 'താങ്കൾ ഭക്ഷിക്കുക, ആരാണോ നിരർത്ഥകമായ മന്ത്രം കൊണ്ട് തിന്നുന്നത് അവനത് പാടില്ല, സത്യമായ മന്ത്രം കൊണ്ടാണ് താങ്കൾ ഭക്ഷിച്ചത്'''[10]

**نفث**-ഉം **تفل**-ഉം ഉപയോഗിക്കാതെയുള്ള റുക്‌യ

സ്വഹീഹ് മുസ്‌ലിമിൽ ഇപ്രകാരം കാണാം:

عَن أَبِى سَعِيدٍ أن جِبرِيلَ أَتى النبِى -صلى الله عليه وسلم- فَقَالَ يَا مُحَمدُ اشتَكَيتَ فَقَالَ « نَعَم ». قَالَ بِاسمِ الله أَرقِيكَ من كُل شَىءٍ يُؤذِيكَ من شَر كُل نَفْسٍ أَو عَينِ حَاسِدٍ الله يَشفِيكَ بِاسمِ الله أَرقِيكَ

"അബൂസഈദിൽ നിന്ന് നിവേദനം, ജിബ്‌രീൽ നബി(ﷺ)യുടെ അടുത്ത് വന്ന് പറയുകയുണ്ടായി: "മുഹമ്മദ്, താങ്കൾക്ക് അസുഖം ബാധിച്ചുവോ? അപ്പോൾ തിരുമേനി(ﷺ)

---

[8] ജാമിഉസ്സ്വഹീഹ് 5017

[9] ഖാരിജയുടെ പിതൃവ്യൻ: അലാഖബ്നു സ്വഹാർ അത്തമീമി അസ്സുലയ്ത്വിയാണ് അൽ ബർജമിയെന്നും പറയാറുണ്ട്, അദ്ദേഹത്തിന്റെ പേര് അബ്ദുല്ലാഹ് എന്നാണെന്നും, അൽ അലാഹ് ആണെന്നും, അലാഖബ്നു ശജാർ ആണെന്നും പറയപ്പെട്ടിട്ടുണ്ട്. മുൻദിരിയുടെ مختصر سنن أبي داود 5-ാം വാല്യം 363-ാം പേജ് കാണുക.

[10] ഇമാം അഹ്മദ് തന്റെ മുസ്നദിൽ 5-ാം വാല്യം 210, 211 എന്നീ പേജുകളിൽ റിപ്പോർട്ട് ചെയ്ത ഹദീഥാണ് ഇത്, അൽബാനി സ്വഹീഹാണെന്ന് പ്രസ്താവിച്ച ഹദീഥുമാണിത്.

أبوداود مع عون المعبود – كتاب الطب – باب كيف الرقى (10/ 391) رقم: (3379)، والنسائي في عمل اليوم والليلة – ما يقرأ على المعتوه (563) رقم (1032) والحاكم في مستدركه – كتاب فضائل القرآن (560/1) وقال صحيح ووافقه الذهبي ورمز لصحته السيوطي. انظر الجامع الصغير من فيض القدير (41/5) رقم (6334) وقال الألباني وهو حديث صحيح النظر صحيح الجامع 323/02) رقم: (2294)

പറഞ്ഞു: അതെ. ജിബ്‌രീൽ പറഞ്ഞു: ''അല്ലാഹുവിന്റെ നാമം കൊണ്ട് ഞാൻ താങ്കളെ മന്ത്രിക്കുന്നു, താങ്കൾക്ക് ഉപദ്രവമുണ്ടാക്കുന്ന എല്ലാ വസ്തുക്കളിൽ നിന്നും എല്ലാ മനുഷ്യരുടേയും തിന്മകളികൽ നിന്നും അസൂയാലുവിന്റെ കണ്ണേറിൽ നിന്നും അല്ലാഹു താങ്കൾക്ക് ശമനം നൽകട്ടെ. അല്ലാഹുവിന്റെ നാമത്തിൽ ഞാൻ താങ്കൾക്ക് മന്ത്രിക്കുന്നു.''[11]

### കൈകൊണ്ട് ശരീരം തടവൽ

റുക്‌യ ചെയ്യുമ്പോൾ കൈകൊണ്ട് തടവൽ നബി(ﷺ)യിൽ നിന്നുള്ള ഒരു മാതൃകയാണ്. ഇത് സ്വയം ചെയ്യലും മറ്റുള്ളവർക്ക് ചെയ്തു കൊടുക്കലും ഹദീസിൽ സ്ഥിരപ്പെട്ടതാണ്.

عَن عَائشَةَ ، رَضيَ اللهُ عَنهَا ، أن النبي صلى الله عليه وسلم كَانَ يُعَوذُ بَعضَ أَهله يَمسَحُ بِيَده الْيُمنَى وَيَقُولُ اللهُم رَب الناس أَذْهبِ الْبَاسَ اشفه وَأَنتَ الشافي لاَ شفَاءَ إلا شفَاؤُكَ شفَاءً لاَ يُغَادرُ سَقَما.

ആയിശാ(ؓ)യിൽ നിന്ന് നിവേദനം, നബി(ﷺ) തന്റെ ഭാര്യമാരിൽ ചിലർക്കുവേണ്ടി മന്ത്രിക്കുകയും, തന്റെ വലത് കൈകൊണ്ട് തടവിക്കൊടുക്കുകയും ഇങ്ങനെ പ്രാർത്ഥിക്കുകയും ചെയ്യാറുണ്ടായിരുന്നു. 'ജനങ്ങളുടെ രക്ഷിതാവായ അല്ലാഹുവെ, നീ പ്രയാസം നീക്കേണമേ, നീ രോഗം സുഖപ്പെടുത്തേണമേ, നീയാണ് ശമനം നല്കുന്നവൻ, നിന്റെ ശമനമല്ലാതെ മറ്റൊരു ശമനമില്ല, ഒരു അസുഖത്തെയും അവശേഷിക്കാത്ത രൂപത്തിലുള്ള ശമനം നൽകേണമേ'' (ബുഖാരി, മുസ്‌ലിം)[12]

عَن عَائشَةَ - رضى الله عنها - قَالَت كَانَ رَسُولُ الله - صلى الله عليه وسلم - إذَا أَوَى إلَى فرَاشه نَفَثَ فى كَفيه بِقُلْ هُوَ اللهُ أَحَد وَبِالْمُعَوذَتينِ جَميعا ، ثُم يَمسَحُ بِهمَا وَجهَهُ ، وَمَا بَلَغَت يَدَاهُ من جَسَده .

ആയിശാ(ؓ)യിൽനിന്ന് നിവേദനം: അവർ പറഞ്ഞു, നബി(ﷺ) തന്റെ വിരിപ്പിലേക്ക് അണഞ്ഞാൽ 'സൂറത്തുൽ ഇഖ്‌ലാസും മുഅവ്വിദതൈനി സൂറത്തുകളും ഒന്നിച്ച് ഓതികൊണ്ട് തന്റെ മുൻകൈകളിൽ ഊതുകയും, ശേഷം അവകൊണ്ട് തന്റെ മുഖവും ശരീരത്തിൽ തന്റെ ഇരു കൈകളും എത്തുന്ന ഭാഗങ്ങളിലും തടവാറുണ്ടായിരുന്നു''[13]

### വേദന അനുഭവിക്കുന്നിടത്ത് കൈവെച്ച് റുക്‌യ ചെയ്യൽ

ഉഥ്മാൻ ഇബ്നു അബുൽ ആസ് അഥ്ഥഖഫി(ؓ)യിൽ നിന്നും ഇമാം മുസ്‌ലിം(رحمه الله) തന്റെ സ്വഹീഹിൽ റിപ്പോർട്ട് ചെയ്ത ഹദീഥ് ഈ റുക്‌യയുടെ രീതി അറിയിക്കുന്നു:

---

11 സ്വഹീഹ് മുസ്‌ലിം, (1286) رقم (1718/4) كتاب السلام – باب الطب والمرض والرقى

12 صحيح البخاري مع فتح الباري –كتاب الطب- باب مسح الراقي الوجع بيده اليمنى (210/10) رقم (5750) وصحيح مسلم –كتاب السلام- باب استحباب الرقية المريض (1722/4) رقم (2191)

13 ബുഖാരി (5747) رقم (209/10) صحيح البخاري مع فتح الباري –كتاب الطب – باب النفث في الرقية –

أنهُ شَكَا إِلَى رَسُولِ الله -صلى الله عليه وسلم- وَجعا يَجِدُهُ فى جَسَده مُنذُ أَسلَمَ. فَقَالَ لَهُ رَسُولُ الله -صلى الله عليه وسلم- « ضَع يَدَكَ عَلَى الذى تَألَمَ من جَسَدكَ وَقُلْ بِاسمِ الله ثَلاَثًا، وَقُلْ سَبعَ مَراتٍ: أَعُوذُ بِالله وَقُدرَته من شَر مَا أَجِدُ وَأُحَاذرُ ».

"അദ്ദേഹം മുസ്‌ലിമായത് മുതൽ തന്റെ ശരീരത്തിൽ അനുഭവിക്കുന്ന ഒരു വേദനയെക്കുറിച്ച് റസൂൽ(ﷺ)യോട് സങ്കടപ്പെടുകയുണ്ടായി, അപ്പോൾ റസൂൽ(ﷺ) അദ്ദേഹത്തോട് പറഞ്ഞു: "താങ്കൾ ശരീരത്തിൽ എവിടെയാണോ വേദനയുള്ളത് അവിടെ താങ്കളുടെ കൈ വെക്കുകയും എന്നിട്ട്: بِاسم الله (അല്ലാഹുവിന്റെ നാമത്തിൽ) എന്ന് മൂന്ന് പ്രാവശ്യം പറയുകയും ചെയ്യുക. എന്നിട്ട് أَعُوذُ بِالله وَقُدرَته من شَر مَا أَجِدُ وَأُحَاذرُ) ഞാൻ അനുഭവിക്കുകയും ഭയക്കുകയും ചെയ്യുന്നതിന്റെ കെടുതിയിൽ നിന്ന് അല്ലാഹുവിലും അവന്റെ ഖുദ്റത്തിലും ഞാൻ അഭയം തേടുന്നു) എന്നും ഏഴ് പ്രാവശ്യം പറയുക."[14]

**വെള്ളം ഉപയോഗിച്ചുള്ള റുക്‌യ**

അലി(رضي الله عنه)യിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു:

لدغت النبي صلى الله عليه وسلم عقرب وهو يصلي ، فلما فرغ قال : « لعن الله العقرب ، لا يدع مصليا ، ولا غيره ، ثم دعا بماء وملح ، وجعل يمسح عليها ، ويقرأ : قل يا أيها الكافرون ، وقل أعوذ برب الفلق ، وقل أعوذ برب الناس

"നബി(ﷺ) നമസ്കരിക്കുമ്പോൾ തിരുമേനിയെ ഒരു തേൾ കടിക്കുകയുണ്ടായി; നമസ്കാരം കഴിഞ്ഞപ്പോൾ നബി(ﷺ) പറയുകയുണ്ടായി: "തേളിനെ അല്ലാഹു ശപിച്ചിരിക്കുന്നു. നമസ്കരിക്കുന്നവനെയും അല്ലാത്തവരെയും അത് വെറുതെ വിടുന്നില്ല. തുടർന്ന് നബി(ﷺ) വെള്ളവും ഉപ്പും കൊണ്ട് വരാൻ ആവശ്യപ്പെടുകയും അതിന്മേൽ തടവുകയും, കാഫിറൂൻ, ഫലഖ്, അന്നാസ് സൂറത്തുകൾ ഓതുകയും ചെയ്തു."[15]

عن سهل بن حنيف أن النبي صلى الله عليه وسلم خرج وساروا معه نحو مكة حتى إذا كانوا بشعب الخرار ( اسم موضع ) من الجحفة اغتسل سهل بن حنيف وكان رجلا أبيض حسن الجسم والجلد فنظر إليه عامر بن ربيعة أحد بني عدي بن كعب وهو يغتسل فقال : ما رأيت كاليوم ولا جلد مخبأة ، فلبط سهل ، فأتي رسول الله صلى الله عليه وسلم ، فقيل : يا رسول الله ، هل لك في سهل والله ما

---

[14] മുസ്‌ലിം. صحيح مسلم –كتاب السلام- باب استحباب وضع يده على موضع الألم، مع الدعاء (1728/4) رقم (2202).

[15] ത്വബറാനി. ഈ ഹദീഥ് സ്വഹീഹാണെന്ന് ഇമാം അൽബാനി പ്രസ്താവിച്ചിട്ടുണ്ട്.

أخرجه الطبراني في المعجم الصغير _23/2) وقال الهيثمي في مجمع الزوائد إسناده حسن (114/5) وقال الألباني: حديث صحيح. انظر الأحاديث الصحيحة رقم (548) وجاء بلفظ قريب منه في مصنف ابن أبي شيبة (399/7).

يرفع رأسه ، قال : هل تتهمون فيه من أحد ؟ ، قالوا : نظر إليه عامر بن ربيعة ، فدعا رسول الله صلى الله عليه وسلم عامرا فتغيظ عليه ، وقال : علام يقتل أحدكم أخاه ، هلا إذا رأيت ما يعجبك بركت ، ثم قال له : اغتسل له ، فغسل وجهه ويديه ومرفقيه وركبتيه وأطراف رجليه وداخلة إزاره في قدح ثم صب ذلك الماء عليه يصبه رجل على رأسه وظهره من خلفه ثم يكفأ القدح وراءه ، ففعل به ذلك ، فراح سهل مع الناس ليس به بأس .

"സഹ്ല് ഇബ്നു ഹനീഫിൽ നിന്ന് നിവേദനം, നിശ്ചയം നബി(ﷺ) മക്കയിലേക്ക് (യാത്ര) പുറപ്പെട്ടു. സ്വഹാബികളും നബി(ﷺ)യോടൊപ്പം സഞ്ചരിച്ചു. അങ്ങിനെ അവർ ജുഹ്ഫയിലെ അൽഖറാർ എന്ന സ്ഥലത്ത് എത്തിയപ്പോൾ സഹ്ല് ഇബ്നു ഹനീഫ് കുളിച്ചു. അദ്ദേഹം വെളുത്തു മിനുത്ത തൊലിയും ശരീരവുമുള്ള ഒരു വ്യക്തിയായിരുന്നു. അന്നേരം ബനൂ അദിയ്യ് ഗോത്രത്തിലെ ആമിറുബ്നു റബീഅഃ അദ്ദേഹം കുളിക്കവെ അദ്ദേഹത്തെ നോക്കുകയും ഇന്നത്തേതുപോലെ വെളുത്ത് മിനുത്ത ഒരു തൊലിയും ഞാൻ കണ്ടിട്ടില്ല എന്ന് പറയുകയും ചെയ്തു. അതോടെ സഹ്ല് വീണു. അദ്ദേഹത്തെ റസൂലിനരികിൽ കൊണ്ടുവരപ്പെട്ടു. പറയപ്പെട്ടു: റസൂലേ, സഹ്ലിന്റെ വിഷയത്തിൽ എന്തെങ്കിലും ചെയ്യുമോ. അല്ലാഹുവാണെ അദ്ദേഹം തല ഉയർത്തുന്നേയില്ല. തിരുമേനി (ﷺ) പറഞ്ഞു, ആരേയാണ് അദ്ദേഹത്തിന്റെ വിഷയത്തിൽ നിങ്ങൾക്ക് സംശയം? അവർ പറഞ്ഞു, ആമിറുബ്നു റബീഅ: അദ്ദേഹത്തെ നോക്കിയിരിക്കുന്നു. അല്ലാഹുവിന്റെ റസൂൽ (ﷺ) ആമിറിനെ വിളിക്കുകയും അദ്ദേഹത്തോട് ദേശ്യപ്പെടുകയും ഉണ്ടായി. തിരുമേനി (ﷺ) പറഞ്ഞു: എന്തിനാണ് നിങ്ങളിലൊരാൾ തന്റെ സഹോദരനെ വധിക്കുന്നത്. താങ്കൾ ആശ്ചര്യകരമായ കാര്യം കണ്ടപ്പോൾ എന്തുകൊണ്ട് ബർകത്തിനു വേണ്ടി തേടിയില്ല? ശേഷം തിരുമേനി (ﷺ) ആമിറിനോടു പറഞ്ഞു അദ്ദേഹത്തിനു വേണ്ടി (കണ്ണേറ് ചികിത്സിക്കുവാൻ) കഴുകുക. അങ്ങനെ ആമിറിന്റെ മുഖവും ഇരു കരങ്ങളും കൈമുട്ടുകളും കാൽമുട്ടുകളും കാൽവിരലുകളും ഉടുമുണ്ടിന്റെ അറ്റവും[16] ഒരു കോപ്പയിലായി കഴുകുകയും പിന്നീട് ആ വെള്ളം അദ്ദേഹത്തിൽ ഒഴിക്കപ്പെടുകയും ചെയ്തു. ഒരു വ്യക്തി അദ്ദേഹത്തിന്റെ തലയിലും മുതുകിലും കോപ്പ പിന്നിൽ നിന്ന് ചൊരിയുകയായിരുന്നു. അപ്രകാരം അദ്ദേഹത്തിൽ പ്രവർത്തിച്ചു. അതിൽപിന്നെ സഹ്ല് ഒരു കുഴപ്പവും ഇല്ലാത്ത വിധം ജനങ്ങളോടൊപ്പം യാത്രയായി."[17]

ഇവിടെ രണ്ട് കാര്യങ്ങൾ ശ്രദ്ധേയമാണ്:

- هل تتهمون فيه من أحد؟ "ആരേയാണ് അദ്ദേഹത്തിന്റെ വിഷയത്തിൽ നിങ്ങൾക്ക് സംശയം?" എന്ന നബി(ﷺ)യുടെ ചോദ്യത്തിൽ നിന്നും സംശയത്തെ ആസ്പദമാക്കി ചികിത്സിക്കാം എന്നു തെളിയുന്നു.
- ആശ്ചര്യകരമായ കാര്യങ്ങൾ ആരെങ്കിലും കണ്ടാൽ അല്ലാഹുവിനോട് അവൻ ബർക്കത്തിന് വേണ്ടി തേടുകയാണ് ചെയ്യേണ്ടത്.

[16] ശരീരത്തോട് ഒട്ടി നിൽക്കുന്ന അറ്റം

[17] ഇമാം അഹ്മദ് (15550), ഇമാം മാലിക് (1811) നസാഇ, ഇബ്നു ഹിബ്ബാൻ മിശ്കാത്തിൽ(4562), ഇമാം അൽബാനി സ്വഹീഹാണെന്ന് പ്രസ്താവിച്ചു.

കണ്ണേറ് ബാധയിൽ ചികിത്സിക്കുന്ന വിഷയത്തിൽ നബി(ﷺ) ഇപ്രകാരം പറഞ്ഞു:

الْعَينُ حَق وَلَو كَانَ شَىءٌ سَابَقَ الْقَدَرَ سَبَقَتْهُ الْعَينُ وَإِذَا استغسِلْتم فَاغْسِلُوا

“കണ്ണേറ് യാഥാർത്ഥ്യമാണ്, ഖദ്റിനെ വല്ല കാര്യവും മറികടക്കുമായിരുന്നെങ്കിൽ കണ്ണേറ് ഖദ്റിനെ മുൻകടക്കു മായിരുന്നു. (കണ്ണേറും അല്ലാഹുവിന്റെ ഖദ്റിൽ പെട്ടതാണെന്നർത്ഥം) നിങ്ങളോട് (കണ്ണേറ് ചികിത്സിക്കുവാൻ) കഴുകാൻ ആവശ്യപ്പെട്ടാൽ നിങ്ങൾ കഴുകുകയും ചെയ്യുക.”[18]

*(തുടരും...)*

തയ്യാറാക്കിയത്:

അബ്ദുൽ ജബ്ബാർ അബ്ദുല്ല
എൻ. വി. മുഹമ്മദ് സാലിം
റാഷിദ് ഖലീൽ റഹ്മാൻ

---

[18] മുസ്‌ലിം

الكتاب : الجامع الصحيح المسمى صحيح مسلم (13/7)

المؤلف : أبو الحسين مسلم بن الحجاج بن مسلم القشيري النيسابوري